"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ്- എൻ.എസ്.എ.പി- ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ സോഷ്യൽ ഓഡിറ്റ്- തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.6505/2024/FIN തീയതി,തിരുവനന്തപുരം, 27-08-2024

---

പരാമർശം:-

1. കേന്ദ്രസർക്കാരിന്റെ 25.10.2023 -ലെ No.J/12023/1/2014-NSAP നമ്പർ കത്ത്
2. കേന്ദ്രസർക്കാരിന്റെ 05.02.2024-ലെ D.O.No.J-16019/8/2015-NSAP (343918) നമ്പർ കത്ത്
3. സ.ഉ(എം.എസ്) നം.428/2024/LSGD തീയതി 23.02.2024
4. പഞ്ചായത്ത് ഡയറക്ടറുടെ 13.07.2024-ലെ LSGD/PD/4895/2023-SSP4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ.എസ്.എ.പി) യുടെ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ ഉപയോഗിച്ച് എൻ.എസ്.എ.പിക്ക് കീഴിലുള്ള പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് അനുമതി നൽകി സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 1.1507 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തെ ഒന്നാം ഗഡു ആയി 36.46 ലക്ഷം രൂപയും സോഷ്യൽ ഓഡിറ്റിനായി സൂചന ( 1 ) കത്ത് പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ എൻ.എസ്.എ.പി സോഷ്യൽ ഓഡിറ്റ് ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 2022-23 സാമ്പത്തിക വർഷത്തിൽ പൂർണമായും 2023-24 സാമ്പത്തിക വർഷത്തിലെ ഒന്നാം പാദത്തിലെയും സോഷ്യൽ ഓഡിറ്റ് ഒക്ടോബർ 31-ന് മുൻപ് പൂർത്തീകരിക്കേണ്ടതുണ്ടെന്നും ആയതിനാൽ സോഷ്യൽ ഓഡിറ്റിന് അനുവദിച്ച 2022-23 സാമ്പത്തിക വർഷത്തിലെ 1.1507 കോടി രൂപയും 2023-24 ഒന്നാം ഗഡുവിൽ അനുവദിച്ച 36.46

ലക്ഷം രൂപയും എസ്.എൻ.എ അക്കൗണ്ടിൽ അനുവദിക്കണമെന്ന് സൂചന (4) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ സാമൂഹ്യ സഹായ പദ്ധതിയായ എൻ.എസ്.എ.പി-യുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ എൻ.എസ്.എ.പി-ക്ക് കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിലും നിരീക്ഷണത്തിലും സോഷ്യൽ ഓഡിറ്റ് അനിവാര്യമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ എൻ.എസ്.എ.പി-യുടെ കീഴിലുള്ള ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നീ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ 1.1507 കോടി രൂപയും 2023-24 ഒന്നാം ഗഡുവിൽ 36.46 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1,51,53,000/- ( ഒരു കോടി അമ്പത്തിയൊന്നു ലക്ഷത്തി അമ്പത്തി മൂവായിരം രൂപ മാത്രം) രൂപ 2024-25 സാമ്പത്തിക വർഷം എൻ.എസ്.എ.പി പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള കണക്കുശീർഷകങ്ങളിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക താഴെ വിശദീകരിച്ചിട്ടുള്ള തരത്തിൽ കണക്കുശീർഷകങ്ങളിൽ നിന്നും പിൻവലിച്ച് പഞ്ചായത്ത് ഡയറക്ടറുടെ എസ്.എൻ.എ അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു നൽകുന്നതിനുള്ള അനുമതി നൽകിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

| കണക്കുശീർഷകം | പെൻഷൻ തരം | തുക (രൂപയിൽ) |
|---|---|---|
| 2235-03-101-99-01 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 91,04,000 |
| 2235-02-101-54-01 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 19,82,000 |
| 2235-60-102-88-01 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 40,67,000 |
| ആകെ | | 1,51,53,000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
ജോയിൻറ് സെക്രട്ടറി

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ,ആഡിറ്റ് II), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

ഡയറക്ടർ (എൽ.എസ്.ജി.ഡി-റൂറൽ) തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സഹകരണ സംഘം രജിസ്ട്രാർ

ധനകാര്യ (എസ് എസ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,

വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നം.2867076/SFC-B2/126/2024-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ